# കേരള സർക്കാർ

## സംഗ്രഹം

പൊതുവിദ്യാഭ്യാസം – ഗവൺമെന്റ്/ എയിഡഡ് സ്കൂളുകളിലെ അധ്യാപക രക്ഷാകർത്തൃസമിതിയുടെ (Parents Teachers Association- PTA) പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - ഭേദഗതി – അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതുവിദ്യാഭ്യാസ (റ്റി) വകുപ്പ്

സ.ഉ.(കൈയെഴുത്ത്) നമ്പർ 142/2007/പൊ.വി.വ. തീയതി,തിരുവനന്തപുരം,18-7-2007

---

സൂചന .- 25-6-2007 ലെ സ.ഉ.(കൈയെഴുത്ത്) നമ്പർ 126/2007/പൊ.വി.വ. ഉത്തരവ്.

## ഉത്തരവ്

സംസ്ഥാനത്തെ ഗവൺമെന്റ്/ എയിഡഡ് സക്കൂളുകളിലെ അധ്യാപക രക്ഷാകർത്തൃസമിതിയുടെ (Parents Teachers Association- PTA) പ്രവർത്തനത്തിന് പുതുക്കിയ മാർഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് മേൽ സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രസതുത മാർഗനിർദ്ദേശങ്ങളിന്മേൽ താഴെ പറയുന്ന ഭേദഗതികൾ വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.ഖണ്ഡിക 3.15 താഴെപ്പറയും പ്രകാരം മാറ്റി വായിക്കേണ്ടതാണ്.

"3000 രൂപയ്ക്ക് മുകളിൽ 30,000 രൂപവരെയുള്ള തുക ചെലവഴിക്കാൻ പി.ടി.എ. എക്സിക്യൂട്ടീവ് കമ്മറ്റിയുടെയും 30,000 രൂപയ്ക്ക മുകളിലുള്ള തുക ചെലവഴിക്കാൻ പി.ടി.എ. ജനറൽ ബോഡിയുടെയും അംഗീകാരം വാങ്ങേണ്ടതാണ്."

2.ഖണ്ഡിക 3.16 ൽ ചേർത്തിട്ടുള്ള താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പിൻവലിക്കുന്നു.

"കൂടാതെ എൽ.പി./യു.പി സ്കൂളുകളിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെയും ഹൈസ്കൂൾ/ഹയർസെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന്റെയും മുൻകൂട്ടിയുള്ള രേഖാമൂലമായ അനുമതി വാങ്ങുകയും ചെയ്യണം.നഗര പ്രദേശങ്ങളിലുള്ള സ്കൂളുകളിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻെറ രേഖാമൂലമുള്ള അനുമതി വാങ്ങണം."

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡി.സരസ്വതി അമ്മ**

അഡീഷണൽ സെക്രട്ടറി

www.ranjithkumarak.webs.com